# പതിനാലാം കേരള നിയമസഭ
## (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1520** **31.10.2019-ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അനിൽ അക്കര | | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): | |
| എ) | ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മിക്കുന്ന റോഡുകളുടെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹരിപ്പാട് നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി 17 റോഡ് പ്രവൃത്തികൾക്ക് 789.52 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 8 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 4 റോഡ് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 3 റോഡ് പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുന്നതിനും 2 റോഡ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>റോഡുകളുടെ നിലവിലെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | ഏതെല്ലാം റോഡുകൾക്കാണ് ഇനിയും സാങ്കേതികാനുമതി ലഭിക്കുവാനുള്ളതെന്ന് വെളിപ്പെടുത്താമോ; | ബി) | 2 റോഡു പ്രവൃത്തികൾക്കാണ് ഇനിയും സാങ്കേതികാനുമതി ലഭിക്കാനുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. അഴിക്കോടൻ- പള്ളിയറ ക്ഷേത്രം റോഡ്<br>2. ചാലിൽ കനംപുരയ്ക്കൽ റോഡ് |
| സി) | ഇതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ; | സി) | ഇതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ കരുനാഗപ്പള്ളി സബ് ഡിവിഷൻ, ആലപ്പുഴ ഡിവിഷൻ കാര്യാലയം എന്നിവിടങ്ങളിലാണ്. |
| ഡി) | പ്രസ്തുത റോഡുകൾക്ക് എത്രയും വേഗം സാങ്കേതികാനുമതി നൽകി നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) | നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**

## അനുബന്ധം

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മിക്കുന്ന റോഡുകളുടെ നിലവിലെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.

| നം | റോഡിന്റെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ട്രാൻസ്ഫോർമർ- സുധാലയം പാണ്ഡിക്കുന്നേൽ റോഡ് | 98.00 | സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പൂർത്തിയായി. ഫില്ലിംഗ് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| 2 | തൃക്കുന്നപ്പുഴ- മുതുക്കൽ- പള്ളിമുക്ക് കരിയ്ക്കപറമ്പ് റോഡ് | 88.00 | സംരക്ഷണഭിത്തിയുടെ നിർമ്മാണം 85% പൂർത്തിയായി. കലുങ്ക് നിർമ്മാണം പുരോഗമിക്കുന്നു. |
| 3 | നാരകത്തറ- മണികണ്ഠൻചിറ റോഡ് | 83.00 | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| 4 | തൃക്കുന്നപ്പുഴ പഞ്ചായത്ത് വാർഡ്5 ലെ കോന്തംപറമ്പ് റോഡ് | 24.50 | 10-6-19-ൽ കരാറിൽ ഏർപ്പെട്ടു. പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| 5 | മീനത്ത്- കൊച്ചുകണ്ടത്തിൽ റോഡ് | 53.00 | ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാത്ത തിനെ തുടർന്ന് പുന:ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 6 | തൃക്കുന്നപ്പുഴ പഞ്ചായത്ത് വാർഡ് 12-ലെ പരിത്തറപാലം റോഡ് | 41.00 | 5-3-19-ൽ ഭരണാനുമതി നൽകി. സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 7 | ആറാട്ടുപുഴ പഞ്ചായത്ത് ആറാം വാർഡിലെ റോഡ് നിർമ്മാണം | 43.30 | 2-7-19-ൽ ഭരണാനുമതി നൽകി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 8 | അഴിക്കോടൻ- പള്ളിയറ ക്ഷേത്രം റോഡ് | 37.20 | 22-7-19-ൽ ഭരണാനുമതി നൽകി. സാങ്കേതി കാനുമതി നൽകി ഉടനെ ദർഘാസ് ക്ഷണിക്കുന്നതാണ്. |
| 9 | ചാലിൽ കുനംപുരയ്ക്കൽ റോഡ് | 20.80 | 2-7-19-ൽ ഭരണാനുമതി നൽകി. സാങ്കേതികാ നുമതി നൽകി ദർഘാസ് ഉടനെ ക്ഷണിക്കുന്ന താണ്. |

**സെക്ഷൻ ആഫീസർ**